**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4367** **28-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ പെൻഷൻ ബോർഡിന്റെ ഫണ്ട് വകമാറ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ പെൻഷൻ ബോർഡിന്റെ ഫണ്ട് ജില്ലാസഹകരണ ബാങ്കുകളിൽ അല്ലാതെ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | സഹകരണ പെൻഷൻ ബോർഡിന്റെ ഫണ്ട് തൃശ്ശൂർ സർവീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (ബി) | പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലേക്ക് ഫണ്ട് വകമാറ്റുന്നതിന് ഭരണസമിതിയുടെയും സർക്കാരിന്റെയും അനുവാദം വാങ്ങിയിരുന്നോ; എങ്കിൽ അനുവാദം നൽകിയ തീയതിയും ഫണ്ട് മാറ്റിയ തീയതിയും അറിയിക്കാമോ; | (ബി) | നിക്ഷേപ സമാഹരണ കാലയളവ് 31.3.2019 വരെയായിരുന്നു. തൃശ്ശൂർ സർവീസ് സഹകരണ ബാങ്ക് നിക്ഷേപം ആവശ്യപ്പെട്ടുകൊണ്ട് 19.3.2019 ൽ അപേക്ഷ പെൻഷൻ ബോർഡിന് സമർപ്പിച്ചു. അപേക്ഷയുടെ അടിസ്ഥാനത്തിൽ 20 കോടി രൂപ 9% പലിശ നിരക്കിൽ 23 മാസത്തേയ്ക്ക് പെൻഷൻ ബോർഡ് തൃശൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിക്കുകയുണ്ടായി. ആയത് പിന്നീട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (സി) | പെൻഷൻ ചട്ടത്തിന് വിരുദ്ധമായി ഫണ്ട് വകമാറ്റിയതിന് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ നടപടി വിശദമാക്കാമോ? | (സി) | പെൻഷൻ സ്കീമിന്റെ 32(ഡി) പ്രകാരം സർക്കാർ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും വിധത്തിലും ഫണ്ട് നിക്ഷേപിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം തൃശ്ശൂർ സർവീസ് സഹകരണ ബാങ്കിൽ നിക്ഷേപ സമാഹരണ കാലയളവിൽ നടത്തിയ നിക്ഷേപത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ